"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ കോഴിക്കോട് ആർ.ഐ സെന്റർ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തി - ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.233/2026/LBR തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 02.09.2025-ലെ ഡി.റ്റി/2626/2025/ഇ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ കോഴിക്കോട് ആർ.ഐ സെന്റർ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ചുകൊണ്ട് 99,93,000/- (തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി "2230-03-101-87 Modernisation of ITI's 17 Minor works (Plan)-2025-26" എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, കോഴിക്കോട് ആർ.ഐ സെന്റർ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തിക്കായി 99,93,000/- (തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിബന്ധനകൾ**

1. സാങ്കേതിക അനുമതി (Technical Sanction - TS) നൽകുന്നതിന് മുൻപ്, സാമ്പത്തിക ലാഭം കണക്കിലെടുത്ത് നിർദ്ദിഷ്ട സ്റ്റീൽ സ്ട്രക്ചർ പ്രവൃത്തികളുടെ ഘടനാപരമായ പര്യാപ്തതയും (Structural Adequacy) സുസ്ഥിരതയും (Structural Stability) ടി.എസ്. അതോറിറ്റി ഉറപ്പുവരുത്തേണ്ടതാണ്.
2. വൈദ്യുതീകരണത്തിനും അഗ്നിശമന സംവിധാനങ്ങൾക്കുമായി (Electrification and Fire fighting) 17.84 ലക്ഷം രൂപയുടെ ലംപ്സം (Lump sum) വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ, സാങ്കേതിക അനുമതി നൽകുന്നതിന് മുൻപ്

വിശദമായ എസ്റ്റിമേറ്റ് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

3. ഫർണിച്ചറുകൾ വാങ്ങുമ്പോൾ നിലവിലുള്ള പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും മിതമായ നിരക്കിലാണെന്നും വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.
4. പൊളിച്ചുനീക്കുന്ന പ്രവൃത്തികളിൽ നിന്ന് ലഭിക്കുന്ന പുനരുപയോഗിക്കാവുന്ന സാമഗ്രികളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നുണ്ടെന്ന് TS/Agreement അതോറിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഇനത്തിൽ വരുന്ന ചെലവ് 2230-03-101-87 Modernisation of ITI's 17 Minor works (Plan)-2025-26 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്. [05.02.2026-ലെ 3355400/LBR-2/327/2025-FIN പ്രകാരം]
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 19-02-2026 16:09:44
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും, തൊഴിലും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.